**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 460** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | അടിസ്ഥാന ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിലൂടെ സർക്കാരിന്റെ ദൈനംദിന സേവനങ്ങൾ എല്ലാ പൗരന്മാർക്കും വേഗത്തിൽ അനുഭവവേദ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്തെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യം നേടാനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തിനായാണ് ഡിജി കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് വോളന്റിയർ രജിസ്ട്രേഷൻ നടപടികളും ഡിജിറ്റൽ പഠനത്തിന് ആവശ്യമായ പഠിതാക്കളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്നുണ്ട്. വോളന്റിയർമാരായി രജിസ്റ്റർ ചെയ്യുന്നവരെ അപ്രൂവ് ചെയ്യുന്നതും, വാർഡുകളിലേക്ക് നിയോഗിക്കുന്നതും അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാരാണ്.<br><br>പഠിതാക്കളെ കണ്ടെത്തി ഇവർക്കുള്ള പരിശീലനം ക്ലസ്റ്റർ രീതിയിലോ, തൊഴിലുറപ്പ് കേന്ദ്രങ്ങൾ പോലെ ആളുകൾ ഒരുമിച്ച് കൂടുന്ന സ്ഥലങ്ങളിലോ, വീടുകൾ കേന്ദ്രീകരിച്ചോ പരിശീലനം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പരിശീലനം ലഭിച്ച പഠിതാക്കൾക്കുള്ള മൂല്യ നിർണ്ണയം നടത്തുന്നതാണ്. മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയായവർക്ക് 'ഡിജിറ്റൽ സാക്ഷരത സാക്ഷ്യപത്രം' നൽകുന്നതാണ്. മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുവാൻ കഴിയാത്തവർക്ക് തുടർ പരിശീലനം നൽകി പുനഃ മൂല്യനിർണ്ണയം നടത്തുന്നതുമാണ്. മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് 'ഡിജിറ്റൽ സാക്ഷരത സാക്ഷ്യപത്രം' മൊബൈൽ ആപ്ലിക്കേഷൻ വഴി നൽകുന്നതാണ്. എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി 2024 നവംബർ 1-ന് മുമ്പ് സമ്പൂർണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് ലക്ഷ്യം. |
| (സി) | സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത യജ്ഞത്തിന് വാളണ്ടിയർമാരായി നിയോഗിച്ചിട്ടുള്ളത് ആരെയെല്ലാമാണ്; അവർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | എൻ എസ് എസ്, എൻ സി സി, എൻ വൈ കെ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, കുടുംബശ്രീ, സാക്ഷരതമിഷൻ, ആർ ജി എസ് എ ബ്ലോക്ക് കോർഡിനേറ്റർമാർ, കില ,എസ് സി എസ് ടി പ്രൊമോട്ടർമാർ, സന്നദ്ധസേന, ലൈബ്രറി കൗൺസിൽ, യുവജന ബോർഡ്, യുവതീ യുവാക്കൾ, വിദ്യാത്ഥികൾ തുടങ്ങി ഡിജി കേരളം പദ്ധതിയിൽ താല്പര്യമുള്ള സ്മാർട്ട് ഫോൺ ഉപയോഗിക്കാൻ അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും വാളന്റിയറാകാം.<br><br>കില- തീമാറ്റിക് എക്സ്പെർട്ട്, ആർ ജി എസ് എ ബ്ലോക്ക് കോർഡിനേറ്റർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ എന്നിവർക്കുള്ള സർവ്വേ പരിശീലനം പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതല മാസ്റ്റർ ട്രെയിനർമാർക്കുള്ള ഏകദിന പരിശീലനവും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ